പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1379

20.01.2014 ൽ മറുപടിക്ക്

**പെട്രോൾ പമ്പുകളിലെ സൗജന്യസേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ.എ. നെല്ലിക്കുന്ന്;<br>,, വി.എം. ഉമ്മർ മാസ്റ്റർ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | പെട്രോൾ പമ്പുകളിൽ വായു, വെള്ളം തുടങ്ങിയവ പമ്പ് പ്രവർത്തിക്കുന്ന സമയമത്രയും ഉപഭോക്താക്കൾക്കു സൗജന്യമായി നൽകണമെന്ന നിബന്ധന നിലവിലുണ്ടോ ; | (എ) | പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്ന സമയമത്രയും വായു, വെള്ളം എന്നിവ ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകണമെന്ന് എണ്ണക്കമ്പനികൾക്കുള്ള മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസ് അനുശാസിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ അത് പാലിക്കുന്നുണ്ടോയെന്നു പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ; | (ബി) | ഫീൽഡ് ഓഫീസർമാർ മുഖേനയും മറ്റ് ജില്ലാ/മേഖലാതല ഉദ്യോഗസ്ഥർ മുഖേനയും എണ്ണക്കമ്പനി അധികാരികൾ പരിശോധന നടത്തുന്നുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) | നിയമം മൂലം ഉപഭോക്താക്കൾക്ക് അനുവദിച്ചിരിക്കുന്ന ഇത്തരം സൗകര്യങ്ങൾ പ്രവർത്തിപ്പിക്കാതെയോ, പ്രവർത്തന രഹിതമായോ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉപഭോക്താക്കൾക്ക് അനുവദിച്ചിരിക്കുന്ന ഇത്തരം സൗകര്യങ്ങൾ പ്രവർത്തിപ്പിക്കാതെയോ, പ്രവർത്തന രഹിതമായോ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ പരിശോധിച്ച് അവ പുനസ്ഥാപിക്കുവാൻ നടപടിയെടുക്കുന്നതാണെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഉപഭോക്താക്കളുടെ ഇത്തരം അവകാശങ്ങൾ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഉപഭോക്താക്കളുടെ അവകാശങ്ങൾ വ്യക്തമാക്കുന്ന ബോർഡുകൾ ഓരോ റീട്ടെയിൽ ഔട്ട്ലെറ്റിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്നും പരാതികളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അവ ഔട്ട്ലെറ്റിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടിയിൽ നിക്ഷേപിക്കുന്നതുവഴിയോ വെബ്സൈറ്റ് മുഖേനയോ എണ്ണക്കമ്പനി അധികാരികളെ അറിയിക്കാവുന്നതാണ് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ